**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3287** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഡയറ്റ്-ൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ ജില്ലാ അധ്യാപക കേന്ദ്രങ്ങളിൽ (ഡയറ്റ്) ലക്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ എത്ര സ്കൂൾ അധ്യാപകർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | ആകെ 67 സ്കൂൾ അധ്യാപകർ നിലവിൽ ഡയറ്റ് ലക്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | അന്യത്ര സേവന വ്യവസ്ഥയിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്ന സ്കൂൾ അധ്യാപകരെ മാതൃ വകുപ്പിലേയ്ക്ക് തിരിച്ചയക്കാൻ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 05.01.2024 ലെ സ.ഉ.(സാധാ) നം.136/2024/ പൊവിവ പ്രകാരം ഡയറ്റ് ലക്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന സ്കൂൾ അധ്യാപകരെ മാതൃ വകുപ്പിലേയ്ക്ക് തിരിച്ചയയ്ക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | മേൽ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോടതി സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് സ്റ്റേ ഉത്തരവ് വന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 05.01.2024 ലെ സ.ഉ.(സാധാ) നം.136/2024/ പൊവിവ പ്രകാരം ഡയറ്റ് ലക്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന സ്കൂൾ അധ്യാപകരെ മാതൃ വകുപ്പിലേയ്ക്ക് തിരിച്ചയയ്ക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് ചുവടെ പറയുന്ന ഹർജികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിട്ടുണ്ട്. ഹർജികളിൽ സ്റ്റേ അനുവദിച്ച തീയതി ചുവടെ ചേർക്കുന്നു.<br><br>OA 60/2024 – 09.01.2024<br><br>OA (EKM) No. 30/2024 – 09.01.2024<br><br>OA 53/2024 – 09.01.2024<br><br>OA (EKM) No. 247/2024 – 15.02.2024<br><br>OA (EKM) No. 1951/2023 – 29.11.2023 |

| | | | |
|---|---|---|---|
| (ഡി) | കോടതി സ്റ്റേ ഉത്തരവ് മറികടക്കാൻ വകുപ്പിന്റെ ഭാഗത്ത് നിന്ന് എന്തെല്ലാം അപ്പീൽ നടപടികളാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡയറ്റ് ലക്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന സ്കൂൾ അധ്യാപകരെ മാതൃ വകുപ്പിലേയ്ക്ക് തിരിച്ചയയ്ക്കുവാനുള്ള സർക്കാർ ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ സമർപ്പിച്ചിട്ടുള്ള ഹർജികളിൽ അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. OA 60/2024, OA (EKM) No. 30/2024, OA 53/2024 എന്നീ ഹർജികളിൽ എതിർവാദ പത്രിക സമർപ്പിക്കുകയും അടിയന്തിരമായി സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. OA (EKM) No. 247/2024, OA (EKM) No. 1951/2023 എന്നീ കേസുകളിൽ എതിർവാദ പത്രിക സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | ജില്ല | അധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 4 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 4 |
| 7 | എറണാകുളം | 5 |
| 8 | തൃശ്ശൂർ | 6 |
| 9 | പാലക്കാട് | 3 |
| 10 | മലപ്പുറം | 8 |
| 11 | കോഴിക്കോട് | 7 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 6 |
| 14 | കാസർഗോഡ് | 8 |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് -ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിൽ (ഡയറ്റ്) ലക്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട സ്കൂൾ അധ്യാപകർക്ക് ലക്ച്ചറർ തസ്തികയിലേക്ക് സ്ഥിരമായി ആഗിരണം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 702/2021, OA(EKM) 1728/2022, OA.1951/2023, OA 2039/2023, OA (EKM) 1889/2023, OA 2053/2023, OA 2105/2023, OA.2058/2023, OA 1885/2023 നമ്പർ ഹർജികളിന്മേലുള്ള ഇടക്കാല ഉത്തരവുകളും അന്തിമ ഉത്തരവുകളും, ശ്രീമതി. വിദ്യ വി. യും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP (KAT) 474/2023 നമ്പർ കേസിന്മേലുള്ള 19.10.2023 ലെ ഇടക്കാല ഉത്തരവും നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.136/2024/GEDN തീയതി,തിരുവനന്തപുരം, 05-01-2024

---

പരാമർശം:-
1. 29.10.2011 ലെ സ.ഉ.(കൈ) നം. 217/2011/പൊ.വി.വ.
2. 03.11.2011 ലെ സ.ഉ.(കൈ) നം.226/2011/പൊ.വി.വ.
3. 26.02.2011 ലെ സ.ഉ.(അ) നം.57/2011/പൊ.വി.വ.
4. 26.02.2011 ലെ സ.ഉ.(അ) നം.58/2011/പൊ.വി.വ.
5. 28.11.2013 ലെ സ.ഉ.(അ) നം. 580/2013/ധന
6. 22.05.2015 ലെ സ.ഉ.(സാധാ) നം.1957/2015/പൊ.വി.വ.
7. 09.03.2017 ലെ സ.ഉ.(സാധാ) നം. 673/2012/പൊ.വി.വ
8. 02/07/2018 ലെ ഡി7/85854/2017/ഡിപിഐ നമ്പർ വിജ്ഞാപനം
9. 16.11.2018 ലെ സ.ഉ. (സാധാ) നം. 4788/2018/പൊ.വി.വ.
10. 05.03.2019 ലെ സ.ഉ(സാധാ) നം. 857/2019/പൊ.വി.വ
11. 27.12.2019 ലെ സ.ഉ.(സാധാ) നം. 5676/2019/പൊ.വി.വ.
12. 10.08.2020 ലെ സ.ഉ. (സാധാ) നം. 2401/2020/പൊ.വി.വ.
13. 07.01.2021 ലെ സ.ഉ.(സാധാ) നം.194/2021/പൊ.വി.വ.
14. 19.02.2021 ൽ സ.ഉ.(അ) നം.9/2021/പൊ.വി.വ.
15. 10.06.2022 ലെ സ.ഉ.(സാധാ) നം.3525/2022/പൊ.വി.വ.
16. 18.08.2023 ലെ ബഹു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 702/2021 നമ്പർ കേസിന്മേലുള്ള ഉത്തരവ്

17. 25.08.2023 ൽ OA 702/2021 ലെ അപേക്ഷകർ സമർപ്പിച്ച നിവേദനം.

18. 13.10.2023 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡി7/6220/2021/ഡി.ജി.ഇ. നമ്പർ കത്ത്

19 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഡയറ്റിലെ ലക്ചർമാർ ഫയൽ ചെയ്ത OA(EKM) 1728/2022 & OA.1951/2023 (ഡോ. മനോജ് കമാർ ടി) , OA 2039/2023 (ശ്രീമതി. മിലീന ജെയിംസ്), OA (EKM) 1889/2023 (ശ്രീമതി. കവിത പി.എസ്. ഉം മറ്റുള്ളവരും), OA 2053/2023(ശ്രീമതി. ശ്രീലത വി.കെ. യും മറ്റുള്ളവരും), OA 2105/2023(ശ്രീ. അജി ഡി.പി) , OA.2058/2023 (ഡോ. ജെയ്സൺ കെ.മാത്യു & ശ്രീമതി.മിലീന ജെയിംസ്), OA.1885/2023(ഡോ. ജെയ്സൺ കെ.മാത്യു) കേസുകളിലെ അന്തിമ ഉത്തരവുകൾ/ ഇടക്കാല ഉത്തരവുകൾ

20 ശ്രീമതി. വിദ്യ വി. യും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP (KAT) 474/2023 നമ്പർ കേസിന്മേലുള്ള 19.10.23 ലെ ഇടക്കാല ഉത്തരവ്

**ഉത്തരവ്**

ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിൽ (ഡയറ്റ്) പി.എസ്.സി. മുഖാന്തിരം സ്ഥിരം നിയമനം നടത്താൻ പാടില്ല എന്നും അന്യത്രസേവന വ്യവസ്ഥയിൽ നിയമിതരായ ലക്ചറർമാരെ ടി ഡയറ്റിലെ തസ്തികകളിൽ സ്ഥിരമായി ആഗിരണം ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീ ഷൈജു എസ്. എൽ. ഉം മറ്റു ലക്ചർമാരും ചേർ ന്ന് OA 702/2021, OA(EKM) 1728/2022, OA.1951/2023, OA.2039/2023, OA (EKM) 1889/2023, OA 2053/2023, OA 2105/2023, OA. 2058/2023, O A 1885/2023 എന്നീ ഹർജികൾ ഫയൽ ചെയ്തിട്ടുണ്ട്.

**OA 702/2021 ന്റെ 18.08.2023 ലെ അന്തിമ ഉത്തരവിൽ ചുവടെ പറയും പ്രകാരം ഉത്തരവായിട്ടുണ്ട്**

*"The Government is bound to address the grievance of the applicants, reflected in this Original Application, especially the legal contention raised under savings clause Rule 9(1) of the Special Rules. Therefore, if the applicants file an appropriate representation before the Government, within two weeks from the date of receipt of a copy of this order, the Government shall consider the above representation, after hearing the applicants or their representative and other stakeholders, including the respondents herein, within a further period of 4 months from the date of receipt of the said representation."*

2) കൂടാതെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18.08.2023 ലെ OA 702/2021 നമ്പർ വിധിയിന്മേൽ പി.എസ്.സി. അപേക്ഷാർത്ഥികൾ ബഹു.കേരള ഹൈക്കോടതി

മുൻപാകെ OP (KAT) 474/2023 സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ 19.10.2023 ൽ ബഹു. കോടതി ചുവടെ പറയും പ്രകാരം ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

*"Learned Government Pleader takes notice for respondent Nos.1 and 2. Learned Standing Counsel takes notice for respondent No.3. Issue urgent notice to respondent Nos.4 to 105.*

*If any order is passed by the Government pursuant to the order passed by the Tribunal in O.A.No.702/2021 regularising the appointment of party respondents, that shall not be given effect without leave of this Court.*

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (16), പരാമാർശം (20) ഉത്തരവുകൾ/ ഇടക്കാല ഉത്തരവുകൾ പ്രകാരം അപേക്ഷകരേയും എതിർ കക്ഷികളെയും 18.10.2023, 26.10.2023, 27.11.2023, 20.12.2023 എന്നീ തീയതികളിലായി നേരിൽ കേട്ടു.

4) അപേക്ഷകരുടെ വാദങ്ങൾ താഴെ പറയും പ്രകാരമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (8) വിജ്ഞാപനപ്രകാരം സ്കൂൾ അധ്യാപകരിൽ നിന്നും യോഗ്യരായവരെ ഡയറ്റ് ലക്ചറർമാരായി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയും അതിനെത്തുടർന്ന് പരാമർശം (9) പ്രകാരം വിവിധ ഡയറ്റുകളിൽ ഞങ്ങളെ ഡെപ്യൂട്ടേഷനിൽ നിയമിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. നിയമന ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ഡെപ്യൂട്ടേഷൻ ഒന്നുകിൽ ഒരു വർഷം അല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് അനുസരിച്ച് സ്ഥിര (റെഗുലർ) നിയമനം നടത്തുന്നതുവരെ ആയിരുന്നു. എന്നാൽ പരാമർശം (11) പ്രകാരം സർക്കാർ ഞങ്ങളുടെ ഡെപ്യൂട്ടേഷൻ കാലയളവ് ഒരു വർഷക്കാലയളവിലേക്ക് കൂടി നീട്ടുകയും പരാമർശം (12) പ്രകാരം നിയമന രീതി കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) പ്രകാരം പരിഷ്കരിക്കുകയും ചെയ്തു. പരാമർശം (13) പ്രകാരം സർക്കാർ ഒരു വർഷത്തേക്ക് കൂടി അന്യത്ര സേവനകാലയളവ് ദീർഘിപ്പിച്ചു.

പരാമർശം (14) പ്രകാരം ഡയറ്റ് ലക്ച്ചറർമാരെ നിയമിക്കേണ്ടത് കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേനയും ബൈ-ട്രാൻസ്ഫർ മുഖേനയും 1:1 എന്ന അനുപാതത്തിലാണ്. ബൈ-ട്രാൻസ്ഫർ മുഖേനയുള്ള നിയമനങ്ങൾ ഗവ. പ്രൈമറി സ്കൂളുകളിലെ അധ്യാപകരും ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഹൈസ്കൂൾ, ടീച്ചർ എഡ്യൂക്കേറ്റർ 2:1 എന്ന അനുപാതത്തിലാണ് നടത്തേണ്ടത്. യോഗ്യതയുള്ളവരെ നേരിട്ട് ലഭ്യമല്ലെങ്കിൽ റിക്രൂട്ട്മെന്റ് ഒഴിവുകൾ ബൈട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് വഴി നികത്തപ്പെടും അല്ലെങ്കിൽ വിപരീതമായും നികത്തപ്പെടും.

കേരള പൊതുവിദ്യാഭ്യാസ (ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം) സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ റൂൾ 9 സേവിങ്സ് (1) പ്രകാരം, നിലവിലിരുന്ന ഉത്തരവുകൾക്കോ ചട്ടങ്ങൾക്കോ അനുസൃതമായി യോഗ്യരായ അധികാരികളാൽ, പ്രിൻസിപ്പാൾ അല്ലെങ്കിൽ സീനിയർ

ലക്ചറർ അല്ലെങ്കിൽ ലക്ചറർ ആയോ നിയമിക്കപ്പെട്ട ഓരോ വ്യക്തിയും പ്രിൻസിപ്പാൾ, സീനിയർ ലക്ചറർ, ലക്ചറർ എന്നീ വിഭാഗങ്ങളിൽ നിയമന തീയതി മുതൽ ക്രമീകരിക്കപ്പെടും. കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) യിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരിയായ സർക്കാരിനാൽ ഡയറ്റ് ലക്ചറർ തസ്തികയിലേക്ക് യോഗ്യരായവരെയാണ് നിയമിച്ചിട്ടുള്ളതെന്നും അതിനാൽ തന്നെ ഞങ്ങൾ സ്പെഷ്യൽ റൂളിലെ 9 സേവിങ്സ് (1) പ്രകാരം ക്രമീകരിക്കപ്പെടേണ്ടവരാണെന്നും, കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) യിലെ വ്യവസ്ഥകൾ പ്രകാരം നിയമിച്ച ഒരു ലക്ചറെ മുമ്പ് സർക്കാർ ക്രമീകരിച്ചിട്ടുള്ളതിനാൽ അതേ ചട്ട പ്രകാരം നിലവിൽ സേവനം തുടരുന്ന ഞങ്ങൾക്കും സമാനമായ ക്രമീകരണത്തിന് അർഹതയുണ്ട്. ഞങ്ങളുടെ പോസ്റ്റുകൾ റിക്രൂട്ട്മെന്റിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്യാൻ ശ്രമിച്ചപ്പോൾ ഡയറ്റ് സ്പെഷ്യൽ റൂൾ 9 സേവിങ്സ് (1) അനുസരിച്ച് ഡയറ്റിൽ റെഗുലറൈസ് ചെയ്യാൻ ഞങ്ങൾക്ക് അർഹതയുണ്ടെന്നു കാണിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് മുമ്പാകെ ഞങ്ങൾ OA No. 702/2021 ഹർജി ഫയൽ ചെയ്തു. കേസിന്റെ ഇടക്കാല ഉത്തരവിൽ ഈ തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യരുതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി. അപേക്ഷകരായ ഞങ്ങൾ പ്രസ്തുത ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും വിവിധ ഫാക്കൽറ്റികളിലെ ഡയറ്റ് ലക്ചറർമാരായി സേവനത്തിൽ തുടരുകയാണ്.

കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(a)(i) പ്രകാരം പൂർണ്ണമായും താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെ, ചട്ടം 9 സേവിങ്സ് (1) പ്രകാരം പരാമർശം (15) പ്രകാരം സേവനത്തിൽ ക്രമീകരിച്ചതുപോലെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) പ്രകാരം നിയമിതരായവരും ഡയറ്റ് ലക്ചറർ തസ്തികയിലേക്ക് ക്രമീകരിക്കുന്നതിന് അർഹരാണ്. യോഗ്യത നേടിയവരായതിനാൽ 2021-ലെ ഡയറ്റ് സ്പെഷ്യൽ റൂൾസ് അനുസരിച്ച് ബന്ധപ്പെട്ട കേഡറുകളിൽ/തസ്തികകളിൽ സേവനത്തിൽ തുടരാൻ അർഹതയുണ്ട്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 2021 ലെ OA. നമ്പർ 702 തീർപ്പാക്കുമ്പോൾ പരാമർശം (16) ലെ ഉത്തരവ് പ്രകാരം അതിലെ എല്ലാ അപേക്ഷകരും സർക്കാർ നിയമിച്ചവരാണെന്നും, ഞങ്ങളുടെ നിയമന സമയത്തെ വ്യവസ്ഥകൾക്കും അതുപോലെ തന്നെ പുതിയ സെപ്ഷ്യൽ റൂളിലെ മാനദണ്ഡങ്ങൾ അനുസരിച്ചും ഞങ്ങൾ പൂർണ്ണ യോഗ്യതയുള്ളവരും നിയമിക്കപ്പെടാൻ യോഗ്യരുമാണെന്നും കണ്ടെത്തി. പുതിയ ഡയറ്റ് സ്പെഷ്യൽ റൂളിൽ 9 സേവിംഗ്സ് (1) ക്ലോസ് ഉൾപ്പെടുത്തി നിലവിലുള്ള ലക്ചറർമാരുടെ അവകാശം സർക്കാർ സംരക്ഷിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട ട്രിബ്യൂണൽ കണ്ടെത്തുകയുണ്ടായി. സ്പെഷ്യൽ റൂൾ സേവിങ്സ് ക്ലോസ് പ്രകാരം നിയമനസമയത്ത് ചട്ടങ്ങളോ ഉത്തരവുകളോ അനുസരിച്ച് നിയമിക്കപ്പെടുന്ന എല്ലാ വ്യക്തികൾക്കും റെഗുലറൈസേഷൻ വഴി പരിരക്ഷ ലഭിക്കാൻ അർഹതയുണ്ടെന്നു സേവിംഗ്സ് ക്ലോസ് പരിശോധിച്ചാൽ വ്യക്തമാകുന്നതായും ബഹുമാനപ്പെട്ട ട്രിബ്യൂണൽ നിരീക്ഷിക്കുകയുണ്ടായി. കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) എന്ന നിയമാനുസൃത നിയമനത്തിനു കീഴിലാണ് ഞങ്ങൾ നിയമിക്കപ്പെട്ടത്. കൂടാതെ സ്പെഷ്യൽ റൂൾ 9 സേവിംഗ്സ് (1) ൽ പറഞ്ഞിരിക്കുന്ന ക്ലോസിന്റെ പരിധിയിലും ഞങ്ങൾ ഉൾപ്പെടുന്നു. അത്തരം

സാഹചര്യങ്ങളിൽ, 2 ആഴ്ചയ്ക്കുള്ളിൽ സർക്കാരിന് മുമ്പാകെ ഒരു നിവേദനം നൽകാൻ നിർദ്ദേശിക്കുകയും മേൽപ്പറഞ്ഞ നിവേദനം കേട്ടതിന് ശേഷം പരിഗണിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. നിവേദനം പരിഗണിക്കുമ്പോൾ, ട്രിബ്യൂണലിന്റെ ഉത്തരവിലെ നിരീക്ഷണങ്ങളും ചട്ടം 9 ബി പ്രകാരം നിയമിച്ച വ്യക്തികളെ സർക്കാർ റെഗുലറൈസ് ചെയ്തു എന്ന വസ്തുതയും പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ട്രിബൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

സ്പെഷ്യൽ റൂൾസിന് അന്തിമരൂപം നൽകുന്നതിൽ അകാരണമായ കാലതാമസമുണ്ടായതിനാൽ ഇത് ട്രാൻസ്ഫർ രീതിയിലൂടെ നിയമനം നേടുന്നതിനുള്ള ഞങ്ങളുടെ അവസരങ്ങൾ നിഷേധിക്കുന്നതിലേക്ക് നയിച്ചു എന്നതും തർക്കരഹിതമായ സംഗതിയാണ്. ഇപ്പോൾ, ട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് വഴി ഡയറ്റിലെ ലക്ചറർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പരമാവധി പ്രായപരിധിയായ 50 വയസ്സ് കടന്നവരും ഞങ്ങളുടെ ഇടയിലുണ്ട്. അതിനാൽ, നിയമപ്രകാരമുള്ള ഒരു നിശ്ചിത തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയും മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് ഞങ്ങളുടെ നിയമനം നടന്നിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന നീതി താല്പര്യം, സത്യസന്ധമായ ഇടപെടൽ, സമത്വതത്ത്വങ്ങൾ എന്നിവയുടെ താൽപ്പര്യാർത്ഥം, കേരള പൊതുവിദ്യാഭ്യാസ (ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം) സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾ 9 സേവിങ്സ് (1) പ്രകാരമുള്ള ആനുകൂല്യം വിപുലീകരിച്ചു കൊണ്ട് 16.11.2018 മുതൽ ഡയറ്റിലെ ലക്ചറർമാരായ ഞങ്ങളുടെ സേവനം ക്രമപ്പെടുത്താൻ സർക്കാർ ശക്തമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു."

5) എതിർഭാഗത്തിന്റെ വാദക്കുറിപ്പ് ചുവടെ പറയും പ്രകാരമായിരുന്നു.

പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം 2011 ലെ സ്പെഷ്യൽ റൂളിന് മുൻപ് KS & SSR റൂൾ 9a(1) പ്രകാരം നിയമിക്കപ്പെട്ടവരും സർവീസിൽ തുടരുന്നവരുമായ താൽക്കാലികക്കാർക്ക് മാത്രമേ ഡയറ്റിൽ സ്ഥിരപ്പെടാൻ അവകാശമുള്ളൂ. ഇപ്പോൾ കേസ് നൽകിയ ഡെപ്യൂട്ടേഷൻകാർ ആ ഗണത്തിൽപ്പെടുന്നവരല്ല. ട്രിബ്യൂണൽ ഉത്തരവിന്റെ പന്ത്രണ്ടാമത്തെ ഖണ്ഡികയിൽ 1991 ൽ നിയമിക്കപ്പെട്ട ശ്രീ. ജ്ഞാനദാസ് എസ്. ഉം 2008 ൽ സ്കെയിൽ ഓഫ് പേയിൽ ബൈ ട്രാൻസ്ഫർ വ്യവസ്ഥയിൽ തസ്തികയിൽ നിയമിക്കപ്പെട്ടവരുടെയും തസ്തികകൾ ഡയറക്ട് റിക്രൂട്ട്മെന്റിന് വേണ്ടി മാറ്റി വെച്ച ഒഴിവുകളിൽ നിന്നാണ് എന്ന നിഗമനം തെറ്റാണ്. ശ്രീ. ജ്ഞാനദാസ് എസ്. നെ സീനിയർ ലക്ചറർ തസ്തികയിൽ ഡയറ്റിൽ നിയമിക്കുന്നത് 1989ൽ, സ്പെഷ്യൽ റൂൾ വരുന്നതിന് മുൻപാണ്. കാരണം ടി നിയമനങ്ങൾ നടന്നിട്ടുള്ളത് സ്പെഷ്യൽ റൂൾ നിലവിൽ വരുന്ന 2011 ന് മുൻപാണ്. അതിനാൽ തുല്യപരിഗണന വേണമെന്ന ഡെപ്യൂട്ടേഷൻകാരുടെ ആവശ്യം നിലനിൽക്കുന്നതല്ല. ടിയാൻ വിരമിച്ച ശേഷം ട്രിബ്യൂണലിൽ കേസ് കൊടുത്താണ് റഗുലറൈസേഷൻ നേടിയതെന്നും ടിയാന് സീനിയർ ലക്ചററുടെ ശമ്പളസ്കെയിലിൽ ബൈ ട്രാൻസ്ഫറായാണ് നിയമനം നേടിയതെന്നും അല്ലാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അല്ല എന്നും, 2022 ൽ റഗുലറൈസ് ചെയ്ത 75 ലക്ചറർ, 70 സീനിയർ ലക്ചറർ, 7 പ്രിൻസിപ്പൽ എന്നിവരെ 2008 ൽ ബൈ ട്രാൻസ്ഫർ ആയി സ്കെയിൽ ഓഫ് പേയിൽ ആണ് നിയമിച്ചതെന്നും ആയത് സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുൻപാണെന്നും അവരുടെ

നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അല്ല എന്നും അറിയിച്ചു.

19.02.2021 ൽ അപാകതകൾ പരിഹരിച്ച് പുതുക്കിയ സ്പെഷ്യൽ റൂൾ ചട്ടം 9 സേവിംഗ്സ് ക്ലോസിലെ രണ്ടാമത്തെ ഖണ്ഡികയിൽ സ്ഥിരപ്പെടാൻ അർഹതപ്പെട്ട നിലവിലെ ജീവനക്കാർ എന്ന് പറയുന്നത് നേരിട്ടോ, ബൈ ട്രാൻസ്ഫർ ആയോ, സ്ഥാനക്കയറ്റം വഴിയോ നിയമിക്കപ്പെട്ടവർ ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടേഷൻകാർ ഈ ഗണത്തിൽ ഉൾപ്പെടുന്നില്ല. പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ പകുതി ബൈട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ളതാണ്. കേസ് നൽകിയവരിൽ യോഗ്യരായ എല്ലാവരും പി.എസ്.സി. നിയമനത്തിനായി അപേക്ഷിച്ച് പരീക്ഷ എഴുതി വരുന്നുണ്ട്. പി.എസ്.സി. വഴി നിമയമിക്കപ്പെടാൻ അവസരമുണ്ടായിരിക്കെ പിൻവാതിലിലൂടെ സ്ഥിരപ്പെടാനാണ് കേസ് നൽകിയവർ ശ്രമിക്കുന്നത്. ഡെപ്യൂട്ടേഷൻകാരെ നിയമിക്കാനായുള്ള നോട്ടിഫിക്കേഷനിൽ നിശ്ചിത കാലയളവിലേക്കാണ് നിയമനമെന്ന് പ്രത്യേകം വ്യവസ്ഥചെയ്തിരുന്നു. എന്നാൽ 2008 ൽ ബൈ ട്രാൻസ്ഫർ ആയി നിയമിക്കപ്പെട്ടവരുടെ നോട്ടിഫിക്കേഷനിൽ സ്ഥിരനിയമനമെന്നും ലക്ചററുടെ ശമ്പള സ്കെയിലിലുള്ള നിയമനമെന്നും പ്രത്യേകം വ്യവസ്ഥ ചെയ്തിരുന്നു. സ്പെഷ്യൽ റൂളിലെ 2:2:1 റേഷ്യോ പാലിച്ചല്ല ഡെപ്യൂട്ടേഷൻകാർ നിയമിക്കപ്പെട്ടിട്ടുള്ളത്. 89 ഒഴിവുകളിൽ ഇവരെ സ്ഥിരപ്പെടുത്തിയാൽ പി.എസ്.സി. വഴി നിയമിക്കപ്പെടേണ്ട 89 ഒഴിവുകൾ നഷ്ടപ്പെടുന്നു. ഇതുമൂലം സംവരണ വിഭാഗത്തിന് ലഭിക്കേണ്ട നിയമനത്തിൽ കുറവുണ്ടാകുന്നു.

ഡയറ്റുകളിലെ അധ്യാപക നിയമനം കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) യിലേക്ക് മാറ്റി നടത്തണമെന്ന് സർക്കാരിന് ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ ആയത് പ്രകാരം പുതിയ നോട്ടിഫിക്കേഷൻ ഇറക്കി എല്ലാവർക്കും അപേക്ഷിക്കാനുള്ള അവസരം നൽകി നിയമനം നടത്തണമായിരുന്നു. നോട്ടിഫിക്കേഷൻ കെ.എസ്.ആർ. പ്രകാരവും നിയമനം നീട്ടി നൽകിയപ്പോൾ കെ.എസ്.&എസ്.എസ്.ആർ. പ്രകാരവും നൽകിയത് ക്രമപ്രകാരമല്ല. സർക്കാർ തീരുമാനം ഇവർക്ക് അനുകൂലമായാൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) പ്രകാരം നിയമിക്കപ്പെട്ട മറ്റുള്ള വകുപ്പിലെ ജീവനക്കാരും റഗുലറൈസേഷനായി കോടതിയെ സമീപിക്കും. ഡെപ്യൂട്ടേഷനെ ഒരു സ്ഥലംമാറ്റമായാണ് (a mode of transfer) കെ.എസ്.ആർ. പരിഗണിച്ചിട്ടുള്ളത്. അതൊരു പുതിയ നിയമനമോ, സ്ഥാനക്കയറ്റമോ അല്ല. അതുകൊണ്ട് തന്നെ പുതിയ ശമ്പള സ്കെയിലും അലവൻസും പോലും ഇപ്പോൾ നൽകുന്നില്ല.

ബഹു. ട്രിബ്യൂണൽ വിധിക്കെതിരെ മൂന്ന് പേർ പരാമർശം (20) പ്രകാരം ബഹു. ഹൈക്കോടതിയിൽ നൽകിയ അപ്പീൽ ഹർജിയുടെ 19.10.2023 ലെ ഇടക്കാല വിധിയിൽ പരാമർശം (16) ന്മേൽ സർക്കാർ എടുക്കുന്ന തീരുമാനം ബഹു. ഹൈക്കോടതി അനുമതിയില്ലാതെ നടപ്പിലാക്കരുത് എന്ന് ഉത്തരവിട്ടിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ നോട്ടിഫിക്കേഷനും, ആദ്യത്തെയും രണ്ടാമത്തെയും നിയമന ഉത്തരവുകൾക്കും വിരുദ്ധമായി കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) ഉൾപ്പെടുത്തി ഡെപ്യൂട്ടേഷൻ കാലയളവ് നീട്ടി നൽകിയ പിഴവാണ് ഡെപ്യൂട്ടേഷനിൽ നിയമിച്ചവർക്ക് കോടതിയിൽ പോകാൻ അനുകൂല സാഹചര്യമുണ്ടാക്കിയതെന്നും, കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9(ബി) നൽകിയത് കേന്ദ്ര സർക്കാരിൽ നിന്നും

ഡയറ്റുകൾക്കുള്ള ഫണ്ട് ലഭിക്കാനുള്ള നടപടികളുടെ ഭാഗമായിരുന്നെങ്കിൽ ടി സാഹചര്യം വ്യക്തമാക്കി, ഇക്കാര്യത്തിൽ ഉചിത തീരുമാനമെടുക്കാനുള്ള ബഹു. കോടതിയുടെ നിർദ്ദേശം കൂടി കണക്കിലെടുത്ത് ഡെപ്യൂട്ടേഷൻകാരുടെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം തള്ളിക്കളഞ്ഞ് ഉടൻ നടക്കാൻ പോകുന്ന പി.എസ്.സി. നിയമനത്തിനായി മുഴുവൻ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

6) **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദം ഇപ്രകാരമാണ്.**

ദേശീയ വിദ്യാഭ്യാസ നയം (1986) - ന്റെ ഭാഗമായി ഓരോ ജില്ലയിലേയും അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനമെന്ന നിലയിൽ സംസ്ഥാനത്ത് ഡയറ്റുകൾ ആരംഭിച്ചു. യഥാക്രമം പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിൽ വന്നു എങ്കിലും പ്രസ്തുത സ്പെഷ്യൽ റൂളിൽ ഡയറ്റ് ഫാക്കൽറ്റികളുടെ നിയമന രീതി, വിദ്യാഭ്യാസ യോഗ്യത, പ്രായ പരിധി തുടങ്ങിയ കാര്യങ്ങളിൽ അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അപാകതകൾ പരിഹരിച്ച് പുതുക്കിയ ഡയറ്റ് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ചെയർമാനായി പരാമർശം (7) ഉത്തരവ് പ്രകാരം സർക്കാർ ഒരു സമിതിയെ നിയോഗിക്കുകയുണ്ടായി. സമിതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ച് പുതുക്കിയ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നത് വരെയുള്ള കാലയളവിൽ ഡയറ്റ് സ്പെഷ്യൽ റൂളിന്റെ അഭാവത്തിൽ ഡയറ്റുകളിൽ സ്ഥിരം നിയമനം സാധ്യമല്ലാതിരുന്നതിനാൽ ഡയറ്റുകളിലെ വിവിധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഡയറ്റിലെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിലേക്കുമായി തസ്തികമാറ്റം മുഖേന ഡയറ്റുകളിൽ ലക്ചറർമാരെ നിയമിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ 07.08.2015 ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥകൾ സ്പെഷ്യൽ റൂളിലെ ചട്ടങ്ങൾക്കു വിരുദ്ധമായി വന്ന സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനും നിലവിലുള്ള ലക്ചറർ തസ്തികയിലെ ഒഴിവുകൾ താത്ക്കാലികമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കാട്ടിയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിനെ അറിയിച്ചതിനെത്തുടർന്ന് 30.05.2018 ലെ ഡി3/185/2017/പൊ.വി.വ നമ്പർ കത്ത് പ്രകാരം ഡയറ്റിലേക്ക് തസ്തികമാറ്റ നിയമനം നടത്തുന്നതിനായി 07.08.2015 ൽ പുറപ്പെടുവിച്ച ഡി3/2203/5/ഡിപിഐ. നമ്പർ വിജ്ഞാപനം റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയും യോഗ്യരായ അധ്യാപകരെ അന്യത്രസേവന വ്യവസ്ഥയിൽ 50% ഡയറ്റ് ലക്ചറർ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിനെത്തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പരാമർശം (8) പ്രകാരം സർക്കാർ സ്കൂളുകളിലെ മതിയായ യോഗ്യതയുള്ള ഹൈസ്കൂൾ ടീച്ചർമാർ, പ്രൈമറി സ്കൂൾ ടീച്ചർമാർ, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർമാർ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർമാർ എന്നിവരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ഡയറ്റുകളിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. അപ്രകാരം ലഭിച്ച അപേക്ഷകരിൽ നിന്നും ഇന്റർവ്യൂ ബോർഡ് രൂപീകരിച്ച് അഭിമുഖം നടത്തി 143 അധ്യാപകരെ വിവിധ ഡയറ്റുകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് തെരഞ്ഞെടുക്കുകയും പരാമർശം (9) പ്രകാരം 143 അധ്യാപകരെ ഡയറ്റുകളിൽ ഒഴിഞ്ഞ് കിടക്കുന്ന ലക്ചറർ തസ്തികകളിലേക്ക് അന്യത്ര സേവന നിയമനം റൂൾ 140 (c), 144, Part I KSR പ്രകാരം താത്ക്കാലികമായി നിയമിച്ചും ഉത്തരവായി.

ടിയാളുകളുടെ അന്യത്രസേവന കാലാവധി ഒരു വർഷമോ, വിശേഷാൽ ചട്ടപ്രകാരം സ്ഥിര നിയമനം നടക്കുന്നത് വരെയോ ആയിരിക്കും എന്നും വിശേഷാൽ ചട്ടം അന്തിമമായി അംഗീകരിക്കപ്പെട്ട് ഡയറ്റുകളിൽ നിയമനം നടക്കുന്നതോടെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതരായിട്ടുള്ള അധ്യാപകർ അവരുടെ മാതൃസ്കൂളുകളിലേക്ക് തിരികെ വരുമെന്ന അവസ്ഥ പരിഗണിച്ച് സ്കൂളുകളിലുണ്ടാകുന്ന ടി ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പകരം അധ്യാപകരെ നിയമിക്കുന്നതിനും നിർദ്ദേശിച്ചു. ടി ഉത്തരവിൽ ടി അധ്യാപകരുടെ ഡയറ്റ് ലക്ചറർ ആയുള്ള നിയമനം തികച്ചും താത്ക്കാലികവും, ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിൽ വരാത്തതിനെ തുടർന്ന് ഡയറ്റുകളിൽ ലക്ചറർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി മറികടക്കുവാനുമാണ് എന്ന് വ്യക്തമാക്കിയിരുന്നു. അന്യത്ര സേവന വ്യവസ്ഥയിൽ ഡയറ്റ് ലക്ചറർ തസ്തികയിൽ നിയമനം ലഭിച്ചിട്ടും ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത 25 അധ്യാപകരുടെ അന്യത്രസേവനം പരാമർശം (10) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

പരാമർശം (9) പ്രകാരം ഡയറ്റുകളിൽ ലക്ചറർ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച അധ്യാപകരുടെ അന്യത്രസേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് പരാമർശം (11) പ്രകാരം അന്യത്രസേവന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകി. കൂടാതെ പരാമർശം (12) പ്രകാരം, ഡയറ്റ് ലക്ചറർ തസ്തികകളിലേക്കുള്ള Rule 140(c), 144, Part I KSR പ്രകാരമുള്ള അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം ക്രമപ്രകാരമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് പരാമർശം (9) പ്രകാരം അനുവദിച്ച നിയമനങ്ങൾ KS & SSR ചട്ടം 9(ബി) പ്രകാരമാക്കി പരിഷ്കരിച്ച് പരാമർശം (12) പ്രകാരം ഉത്തരവായി. ടി പരിഷ്കാരത്തോടെ 16.11.2018 ലെ ഉത്തരവിലെ വ്യവസ്ഥകൾ നിലനിൽക്കുന്നതാണ് എന്നും സൂചിപ്പിച്ചിരുന്നു. KS & SSR ചട്ടം 9(ബി) പ്രകാരം ഡയറ്റ് ലക്ചറർ തസ്തികയിൽ നിയമിതരായ അധ്യാപകരുടെ അന്യത്രസേവനം പരാമർശം (9) ലെ നിബന്ധനകൾക്ക് വിധേയമായി പരാമർശം (13) പ്രകാരം നവംബർ 2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായി. ടി തീയതിയ്ക്ക് ശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് കൊണ്ട് സർക്കാർ ഉത്തരവായിട്ടില്ലാത്തതാണ്.

ഇതേ സമയം അന്യത്ര സേവന വ്യവസ്ഥയിൽ ലക്ചററായി ജോലി ചെയ്തുവന്നിരുന്ന അധ്യാപകരിൽ ഉൾപ്പെട്ട 89 പേർ തങ്ങളെ ഡയറ്റ് ലക്ചററർ തസ്തികയിൽ ആഗിരണം ചെയ്ത് ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA 702/2021 നമ്പറായി ഹർജി ഫയൽ ചെയ്തു. OA 702/2021 നമ്പർ ഹർജിയിന്മേലുള്ള 22/03/2021 ലെ ഇടക്കാല വിധിയിൽ ഡയറ്റ് ലക്ചറർ തസ്തികയിലെ 89 ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തു.

പുതുക്കിയ ഡയറ്റ് സ്പെഷ്യൽ റൂൾ പ്രകാരം 14 ഡയറ്റുകളിലും ഓരോ പ്രിൻസിപ്പാൾ തസ്തികയും, ഒരു ഡയറ്റിൽ 7 സീനിയർ ലക്ചറർ വീതം 98 സീനിയർ ലക്ചറർ തസ്തികകളും ഒരു ഡയറ്റിൽ 20 വീതം 280 ലക്ചറർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ കാസർഗോഡ് ഡയറ്റിൽ കന്നഡ ലക്ചറർ തസ്തികയും, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം ഡയറ്റുകളിൽ ഓരോ തമിഴ് ലക്ചറർ തസ്തികയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ മുഴുവൻ ഡയറ്റുകളിലുമായി 284 ലക്ചറർ തസ്തികകൾ പുതുക്കിയ ഡയറ്റ് സ്പെഷ്യൽ റൂൾ മൂലം നിലവിൽ വന്നു. ലക്ചറർ തസ്തികയിലെ ഒഴിവുകളിൽ 50% സർക്കാർ സ്കൂളുകളിലെ യോഗ്യതയുള്ള

പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയും 50% ഒഴിവുകൾ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനവുമാണ് പുതുക്കിയ ഡയറ്റ് സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ളത്. പുതുക്കിയ ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനെ തുടർന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡയറ്റുകളിൽ ലക്ചറർ തസ്തികയിലെ 150 ഒഴിവുകൾ (50% നേരിട്ടും 50% തസ്തികമാറ്റം മുഖേനയും) പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകെ ഡയറ്റുകളിൽ അനുവദിച്ചിട്ടുള്ള 284 ലക്ചറർ തസ്തികകളിൽ നിലവിൽ റെഗുലറായി ജോലി ചെയ്യുന്നവർ ആകെ 3 പേർ മാത്രമാണ്. 89 തസ്തികകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്യുകയുണ്ടായി.

തിരുവനന്തപുരം ഡയറ്റിൽ നിന്നും സീനിയർ ലക്ചററായി വിരമിച്ച ശ്രീ. ജ്ഞാനദാസ് എസ്. -നെ ഡയറ്റിൽ ലക്ചററായി നിയമിച്ചത് KS & SSR ചട്ടം 9(ബി) പ്രകാരമായിരുന്നു. പിന്നീട് ടിയാൻ ഫയൽ ചെയ്ത OA 1727/2013 നമ്പർ കേസിന്മേലുള്ള 01.11.2013 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെ തുടർന്നാണ് സർക്കാർ ടിയാന്റെ നിയമനം പരാമർശം (6) പ്രകാരം റെഗുലറൈസ് ചെയ്തത്. ടി ഉത്തരവിലെ നാലാം ഖണ്ഡികയിൽ 1988 വർഷത്തിൽ ഡയറ്റ് രൂപീകരിച്ച സമയത്ത് അധ്യാപകരെ KS & SSR ചട്ടം 9 (ബി) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നതായും തുടർന്ന് 1991 മുതൽ ഡയറ്റിലെ നിയമനങ്ങൾ KS & SSR ചട്ടം 9(എ) 1 പ്രകാരമാക്കി മാറ്റിയതായും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. ജ്ഞാനദാസ് എസ്. -ന്റെ നിയമനം KS & SSR ചട്ടം 9 (ബി) പ്രകാരമായതിന്റെ പേരിൽ ടിയാനെ റെഗുലറൈസ് ചെയ്യാതിരിക്കുന്നത് ന്യായമല്ലാത്തതിനാൽ ടിയാന് ഡയറ്റ് നിയമനത്തിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയിൽ (EET- Education Eligibility Test) ഇളവ് നൽകിയാണ് ഡയറ്റിൽ സീനിയർ ലക്ചറർ ആയി റെഗുലറൈസ് ചെയ്തത്. ജ്ഞാനദാസ് എസ്. നെ നിയമിക്കുന്ന കാലയളവിൽ ഡയറ്റിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടായിരുന്നില്ല എന്നത് പ്രസക്തമാണ്. ശ്രീ. ജ്ഞാനദാസ് എസ്. -ന്റെ നിയമനം ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിലില്ലാത്തപ്പോഴും, ഹർജിയിലെ കക്ഷികളുടെ നിയമനം ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിലുള്ളപ്പോഴും ആയിരുന്നു. പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിൽ വന്നിരുന്നു. എന്നാൽ സ്പെഷ്യൽ റൂളിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് ഭേദഗതി വരുത്തുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന സമയത്ത് ഡയറ്റിൽ ഉണ്ടായ ലക്ചറർമാരുടെ നിരവധിയായ ഒഴിവുകൾ മൂലം ഡയറ്റുകളുടെ പ്രവർത്തനം സ്തംഭിക്കുന്ന അവസ്ഥ സംജാതമായി. ഈ അവസ്ഥ മറികടക്കുന്നതിനായാണ് തികച്ചും താത്ക്കാലിക ക്രമീകരണം എന്ന നിലയിൽ സർക്കാർ സ്കൂളിൽ നിന്നുള്ള അധ്യാപകരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചത്. പുതുക്കിയ ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിൽ വരുന്നത് വരെയോ, ഒരു വർഷത്തേക്കോ മാത്രമായിരുന്നു ടി ആളുകളുടെ നിയമനം. ആയതിൽ നിന്നും ശ്രീ. ജ്ഞാനദാസ് എസ്. ന്റെ ഡയറ്റിലെ നിയമനവും OA No. 702/2021 ലെ ഹർജികക്ഷികളുടെ ഡയറ്റിലെ നിയമനവും വ്യത്യസ്തമാണ് എന്നത് പ്രകടമാണ്. ഹർജിക്കാരുടെ നിയമന സ്വഭാവം ടിയാളുകളെ നിയമിച്ചുകൊണ്ടുള്ള പരാമർശം (9) ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നതാണ്.

ഹർജിക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഉന്നയിച്ചിട്ടുള്ള മറ്റൊരു

വാദം ശ്രദ്ധിച്ചാൽ അവരെ ഡയറ്റ് ലക്ചറർമാരായി തിരഞ്ഞെടുത്തിട്ടുള്ളത് ഡയറ്റ് ലക്ചറർമാരുടെ നിയമനാധികാരിയായ സർക്കാർ തന്നെയും, ടിയാളുകളെ തിരഞ്ഞെടുത്തത് പരീക്ഷയുടെയും, ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലും മതിയായ യോഗ്യതകൾ ഉള്ളതിനാലുമാണ് എന്നതാണ്. എന്നാൽ ടി വാദം പരിശോധിക്കുമ്പോൾ മനസ്സിലാക്കുന്നത് ഹർജിക്കാരുടെ ഡയറ്റ് ലക്ചറർ തസ്തികയിലെ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമന പ്രക്രിയ കേരള പി.എസ്.സി. നടത്തുന്നതുപോലെ സമഗ്രവും പൂർണ്ണവുമായ നടപടിക്രമങ്ങൾ പൂർത്തികരിച്ച് കൊണ്ടുള്ള ഒരു തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ആയിരുന്നില്ല എന്ന് കാണുന്നു. 2017 ലെ അന്യത്ര സേവന നിയമനത്തിന് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 2017 ലെ വിജ്ഞാപനം പൊതുവിദ്യാഭ്യാസ വകുപ്പിൽ മാത്രം ഒതുങ്ങി നിന്നിരുന്നതും ആകെ 308 അദ്ധ്യാപകർ മാത്രം അപേക്ഷ നൽകിയിട്ടുള്ളതുമാണ്. ആയതിൽ നിന്നും 143 പേരെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിരുന്നു. എന്നാൽ സ്ഥിരപ്പെടുത്തണമെന്ന് ഹർജി നൽകിയിട്ടുള്ളവർ കേവലം 89 പേർ മാത്രമാണ്. ഇവർക്കൊപ്പം നിയമനം ലഭിച്ച ധാരാളം അദ്ധ്യാപകർ ഡയറ്റിലെ അന്യത്ര സേവനം റദ്ദ് ചെയ്ത് മാതൃലാവണത്തിലേക്ക് മടങ്ങിയിട്ടുള്ളതാണ്. കൂടാതെ ഹർജിക്കാരിൽ തന്നെ ചിലരും ഡയറ്റിലെ അന്യത്ര സേവനം റദ്ദ് ചെയ്ത് മാതൃവകുപ്പിലേക്ക് മടങ്ങിയിട്ടുള്ളതാണ്. മേൽ പറഞ്ഞതിൽ നിന്നും ഹർജിക്കാരുടെ ഡയറ്റ് ലക്ചറർ തസ്തികയിലെ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമനം തീർത്തും താൽകാലികവും, ടിയാളുകളുടെ നിയമന പ്രക്രിയ ഹർജിക്കാർ ആവശ്യപ്പെടുന്നത് പോലെ ഡയറ്റ് ലക്ചറർ തസ്തികപോലുള്ള ഒരു ഗസറ്റഡ് തസ്തികയിലേക്ക് ആഗിരണം ചെയ്യുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തികരിച്ചിട്ടില്ലാത്തതുമാണ്.

പരാമർശം (14) പ്രകാരമുള്ള ഡയറ്റ് സ്പെഷ്യൽ റൂളിലെ 9(1) ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്നത് നിലവിൽ ഡയറ്റുകളിൽ റെഗുലറായി ജോലിചെയ്ത് വരുന്നവരെയാണ്. ടി ഖണ്ഡിക അന്യത്ര സേവന വ്യവസ്ഥയിൽ താത്ക്കാലികമായി നിയമിതരായവർക്ക് ബാധകമല്ല എന്ന് കാണുന്നു.

മേൽ വിവരിച്ച സാഹചര്യം പരിശോധിക്കുമ്പോൾ OA 702/2021 ൽ കക്ഷി ചേർന്നിട്ടുള്ള ഹർജിക്കാരുടെ ഡയറ്റിലെ നിയമനം അന്യത്രസേവന വ്യവസ്ഥയിലുള്ളതും, തികച്ചും താൽകാലികവുമാണ് എന്ന് വ്യക്തമാണ്. കൂടാതെ ടി നിയമനം ഒരു വർഷത്തേക്കോ, ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിൽ വരുന്നത് വരെയോ മാത്രമാണ് എന്ന് ടിയാളുകളെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വിജ്ഞാപനം ക്ഷണിച്ച സമയത്തും, നിയമന സമയത്തും ഡയറ്റിലേക്കുള്ള അന്യത്ര സേവന നിയമനം റൂൾ 140 (സി), 144, Part I KSR പ്രകാരമാണ് എന്ന് കാണാവുന്നതാണ്. ടി നിയമനം പരാമർശം (11) പ്രകാരം (KS & SSR ചട്ടം 9 (B) ആക്കി പരിഷ്കരിച്ചു എന്ന ഒറ്റ കാരണത്താൽ നിയമനം ലഭിച്ചവർക്ക് ഡയറ്റ് ലക്ചറർ തസ്തികയിലേക്ക് ആഗിരണം ചെയ്ത് ക്രമീകരിക്കണം എന്ന വാദം പരാമർശം (9) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ പരിഗണനീയമല്ല എന്ന് കാണുന്നു.

കൂടാതെ 2018 ൽ ഡയറ്റിൽ നിയമനം ലഭിച്ച ഹർജിക്കാരുടെ നിയമന കാലാവധി പരാമർശം (11) ഉത്തരവ് പ്രകാരം ഒരു വർഷവും, പരാമർശം (13) ഉത്തരവ് പ്രകാരം വീണ്ടും ഒരു വർഷവും ദീർഘിപ്പിച്ചിട്ടുണ്ട്. ആയതിൽ നിന്നും ഹർജിക്കാരുടെ നിയമനം അന്യത്രസേവന വ്യവസ്ഥയിലും താൽകാലികവുമാണ് എന്ന് കാണുന്നു.

പുതുക്കിയ ഡയറ്റ് സ്പെഷ്യൽ റൂൾ പ്രകാരം 284 ഡയറ്റ് ലക്ചറർ തസ്തികകളാണ് ആകെ അനുവദിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഹർജിക്കാർ ആവശ്യപ്പെടുന്ന പോലെ 89 ലക്ചറർ തസ്തികകളിൽ ഹർജിക്കാരെ ആഗിരണം ചെയ്ത് സ്ഥിരപ്പെടുത്തുന്നത് കേരള പി.എസ്.സി. വഴി ജോലിയ്ക്ക് ശ്രമിക്കുന്ന ഉദ്യോഗാർഥികളോടുള്ള അനീതിയാണ്. നിലവിൽ ഡയറ്റ് ലക്ചറർ തസ്തികയിലെ 150 ഒഴിവുകൾ പി എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ 75 എണ്ണം തസ്തിക മാറ്റം വഴി ഉള്ളതാണ്. മേൽ സാഹചര്യത്തിൽ മതിയായ യോഗ്യതകൾ ഉള്ള പക്ഷം ഹർജിക്കാർക്ക് കേരള പി.എസ്.സി. നടത്തുന്ന പരീക്ഷയിൽ പങ്കെടുത്ത് ലക്ചറർ ജോലിയ്ക്ക് ശ്രമിക്കാവുന്നതാണ്. അന്യത്ര സേവന വ്യവസ്ഥയിൽ ഡയറ്റിൽ നിയമിക്കപ്പെട്ട ഹർജിക്കാരെ ലക്ചറർ തസ്തികയിലേക്ക് ആഗിരണം ചെയ്യപ്പെടുന്ന സാഹചര്യം സംജാതമായാൽ OA No. 702/2021 ഹർജിയിൽ കക്ഷി അല്ലാത്ത ഡയറ്റിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട 143 അദ്ധ്യാപകരിൽ ഉൾപ്പെട്ട മറ്റുള്ളവരും ഇത്തരത്തിൽ ഹർജികളുമായി കോടതിയെ സമീപിക്കുകയും അവർക്കും അനുകൂല വിധി ലഭിക്കുന്നതിന് ഇടയാകും എന്നും കാണുന്നു. മേൽ സാഹചര്യങ്ങളാൽ OA No. 702/2021-ലെ ഹർജിക്കാരുടെ ആവശ്യം നിരസിക്കാവുന്നതാണ്.

7 ) **ഹർജിക്കാരുടേയും, എതിർഭാഗത്തിന്റേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദഗതികളും ലഭ്യമാക്കിയ രേഖകളും സർക്കാർ വിശദമായി പരിശോധിച്ചു.**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടക്കുന്ന സമയത്ത് തസ്തികകൾ അടിയന്തരമായി നികത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, വിശേഷാൽ ചട്ടം ഭേദഗതി വരുത്തി സ്ഥിര നിയമനം നടത്തുന്നത് വരെ ഡയറ്റുകളിലെ വിവിധ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിലേക്കായി താത്കാലിക ക്രമീകരണം എന്ന നിലയിലാണ് ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിൽ (ഡയറ്റ്) - ഒഴിഞ്ഞുകിടന്ന എല്ലാ ലക്ചറർ തസ്തികകളിലേക്കും പരാമർശം (9) പ്രകാരം 143 അധ്യാപകരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചത്. ടി ഉത്തരവിൽ തന്നെ അന്യത്രസേവന കാലാവധി ഒരു വർഷമോ വിശേഷാൽ ചട്ടം പ്രകാരം സ്ഥിരനിയമനം നടക്കുന്നതു വരെയോ ആയിരിക്കും എന്നും ചട്ടം അന്തിമമായി അംഗീകരിക്കപ്പെട്ട് നിയമനം നടക്കുന്നതോടെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിതരായിട്ടുള്ള ടി അധ്യാപകർ സ്കൂളുകളിൽ തിരികെ വരുമെന്ന അവസ്ഥ പരിഗണിച്ച് സ്കൂളുകളിലുണ്ടാകുന്ന ടി ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ ബന്ധപ്പെട്ട ഡയറക്ടർമാർ നിയമിക്കണമെന്നും വ്യക്തമാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ ഹയർ സ്കെയിൽ പോസ്റ്റിൽ നിയമിതരായ ഹയർ സെക്കന്ററി അധ്യാപകരും ലോവർ സ്കെയിൽ പോസ്റ്റ് ആയ ഡയറ്റ് ലക്ചർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടു. കൂടാതെ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗം അധ്യാപകരും പ്രസ്തുത ഡെപ്യൂട്ടേഷനിൽ പരിഗണിക്കപ്പെട്ടു. ധനവകുപ്പിന്റെ പരാമർശം (5) ഉത്തരവ് പ്രകാരം ഹയർ സ്കെയിൽ പോസ്റ്റിൽ നിയമിതരായവരെ ലോവർ സ്കെയിൽ പോസ്റ്റുകളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ സാധിക്കുകയില്ല. പരാമർശം (9) ഉത്തരവിൽ പ്രസ്തുത ചട്ടം പാലിക്കപ്പെടാത്തതിനാൽ വിഷയം സർക്കാർ പുന:പരിശോധിക്കുകയും പരാമർശം (12) പ്രകാരം പ്രസ്തുത ഡെപ്യൂട്ടേഷൻ നിയമനങ്ങൾ കെ.എസ്. & എസ്.എസ്.ആർ ചട്ടം 9 (ബി) പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുകയും ചെയ്തു. കൂടാതെ 2018 ൽ ഡയറ്റിൽ നിയമനം ലഭിച്ച ഹർജിക്കാരുടെ നിയമന കാലാവധി പരാമർശം (11) ഉത്തരവ് പ്രകാരം ഒരു വർഷവും,

പരാമർശം (13) ഉത്തരവ് പ്രകാരം വീണ്ടും ഒരു വർഷവും ദീർഘിപ്പിച്ചിട്ടുണ്ട്. 2021 ന ശേഷം സർക്കാർ ടി അപേക്ഷകർക്ക് അന്യത്രസേവനം ദീർഘിപ്പിച്ച് നൽകിയിട്ടില്ല. ആയതിനാൽ ഹർജിക്കാരുടെ നിയമനം അന്യത്രസേവന വ്യവസ്ഥ പ്രകാരവും താൽക്കാലികവുമാണ്.

ഡയറ്റ് സ്പെഷ്യൽ റൂൾ 9 സേവിംഗ്സ് ക്ളോസ് (1) പ്രകാരം ഡയറ്റ് സേവനത്തിൽ ക്രമപ്പെടുത്താൻ തങ്ങൾക്ക് അർഹതയുണ്ട് എന്നതാണ് അപേക്ഷകരുടെ വാദം.
DIETസ്പെഷ്യൽ റൂളിലെ 9(1) ഖണ്ഡിക ഇപ്രകാരമാണ്.

*"9. Savings-(1)Every person appointed as Principal or as Senior Lecturer or as Lecturer by the competent authority, to make such appointment in accordance with the rules or orders existing at the time of making such appointment, shall be regularized in the category of Principal, Senior Lecturer or Lecturer, as the case may be, from the date of such appointment in the Kerala General Education. (District Institute of Education and Training) State Service.*

നിലവിൽ ഡയറ്റുകളിൽ PSC മുഖാന്തരം നേരിട്ട് നിയമനം ലഭിച്ച് റെഗുലറായി ജോലിചെയ്ത് വരുന്നവരെയാണ് ടി സേവിംഗ് ക്ളോസ് കൊണ്ട് ഉദ്ദേശിക്കുന്നത്. ടി ഖണ്ഡിക അന്യത്ര സേവന വ്യവസ്ഥയിൽ താത്ക്കാലികമായി നിയമിതരായവർക്ക് ബാധകമല്ല. മേൽ വിവരിച്ച സാഹചര്യം പരിശോധിക്കുമ്പോൾ OA. 702/2021 ൽ കക്ഷി ചേർന്നിട്ടുള്ളവരും സമാന വിഷയത്തിലെ മറ്റു കേസുകളിൽ കക്ഷി ചേർന്നിട്ടുള്ളവരുമായ ഹർജിക്കാരുടെ ഡയറ്റിലെ നിയമനം അന്യത്രസേവന വ്യവസ്ഥയിലുള്ളതും, തികച്ചും താൽകാലികവുമാണ് എന്ന് വ്യക്തമാണ്. കൂടാതെ ടി നിയമനം ഒരു വർഷത്തേക്കോ, ഡയറ്റ് സെഷ്യൽ റൂൾ നിലവിൽ വരുന്നത് വരെയോ മാത്രമാണ് എന്ന് ടിയാളുകളെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ട്. വിജ്ഞാപനം ക്ഷണിച്ച സമയത്തും, നിയമന സമയത്തും ഡയറ്റിലേക്കുള്ള അന്യത്ര സേവന നിയമനം 140(C), 144, Part I KSR പ്രകാരമാണ് എന്ന് കാണാവുന്നതാണ്. ടി നിയമനം പരാമർശം (11) പ്രകാരം കെ.എസ്. & എസ്.എസ്.ആർ. ചട്ടം 9 (ബി) പ്രകാരമാക്കി പരിഷ്കരിച്ച എന്ന ഒറ്റ കാരണത്താൽ നിയമനം ലഭിച്ചവർക്ക് ഡയറ്റ് ലക്ച്ചറർ തസ്തികയിലേക്ക് ആഗിരണം ചെയ്ത് ക്രമീകരിക്കണം എന്ന വാദം പരാമർശം (8) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ പരിഗണിക്കാനാവില്ല.

ശ്രീ. ജ്ഞാനദാസ് എസ്. -നെ ഡയറ്റ് ലക്ചററായി നിയമിച്ചത് സ്ഥിരപ്പെടുത്തിയതു പോലെ പ്രസ്തുത ആനുകൂല്യം തങ്ങൾക്കും ലഭിക്കണമെന്നുള്ളതാണ് അപേക്ഷകരുടെ മറ്റൊരു വാദം.

തിരുവനന്തപുരം ഡയറ്റിൽ നിന്നും സീനിയർ ലക്ചററായി വിരമിച്ച ശ്രീ. ജ്ഞാനദാസ് എസ്. -നെ ഡയറ്റിൽ ലക്ചററായി നിയമിച്ചത് കെ.എസ്. & എസ്.എസ്.ആർ. ചട്ടം 9(ബി) പ്രകാരമായിരുന്നു. പിന്നീട് ടിയാൻ ഫയൽ ചെയ്ത OA 1727/2013 മേലുള്ള 01.11.2013 ലെ വിധിയെ തുടർന്നാണ് ടിയാന് ഡയറ്റ് നിയമനത്തിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയിൽ (EET- Education Eligibility Test) ഇളവ് നൽകി ഡയറ്റിൽ സീനിയർ ലക്ചറർ ആയി റെഗുലറൈസ് ചെയ്തത്. ശ്രീ. ജ്ഞാനദാസ് എസ്. - നെ നിയമിക്കുന്ന കാലയളവിൽ ഡയറ്റിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടായിരുന്നില്ല എന്നത് പ്രസക്തമാണ്. ശ്രീ. ജ്ഞാനദാസ് എസ്. -ന്റെ നിയമനം ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിലില്ലാത്തപ്പോഴും, ഹർജിയിലെ കക്ഷികളുടെ നിയമനം

ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിലുള്ളപ്പോഴും ആയിരുന്നു. പരാമർശം (3), (4) എന്നീ ഉത്തരവുകൾ പ്രകാരം ഡയറ്റ് സ്പെഷ്യൽ റൂൾ നിലവിൽ വന്നിരുന്നു. പിന്നീട് പ്രസ്തുത സ്പെഷ്യൽ റൂളുകൾ സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് പരാമർശം (14) പ്രകാരം പുതിയ സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഡയറ്റിൽ ലക്ചറർമാരെ നിയമിക്കുന്നതിന് വ്യക്തമായ വിദ്യാഭ്യാസ യോഗ്യതകളും മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സ്പെഷ്യൽ റൂൾ പ്രകാരം പൊതു വിഭാഗത്തിൽ നിന്നുള്ള നേരിട്ടുള്ള നിയമനമായാലും സേവന വിഭാഗത്തിൽ നിന്നും ബൈ-ട്രാൻസ്ഫർ നിയമനമായാലും കേരള പി.എസ്.സി. മുഖാന്തിരം മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ.

ഹർജിക്കാരുടെ ഡയറ്റ് ലക്ചറർ തസ്തികയിലെ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമന പ്രക്രിയ കേരള പി.എസ്.സി. നടത്തുന്നതുപോലെ സമഗ്രവും പൂർണ്ണവുമായ നടപടിക്രമങ്ങൾ പൂർത്തികരിച്ച് കൊണ്ടുള്ള ഒരു തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ആയിരുന്നില്ല എന്നു മാത്രമല്ല, അന്യത്ര സേവന നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 2018 ലെ വിജ്ഞാപനം പൊതുവിദ്യാഭ്യാസ വകുപ്പിൽ മാത്രം ഒതുങ്ങി നിന്നിരുന്നതും, ആകെ അപേക്ഷ നൽകിയ 308 അദ്ധ്യാപകരിൽ നിന്നും ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 143 പേരിൽ സ്ഥിരപ്പെടുത്തണമെന്ന് ഹർജി നൽകിയിട്ടുള്ളവർ കേവലം 89 പേർ മാത്രമാണ്. OA. 702/2021 നമ്പർ കേസിലെ ഒന്നാം കക്ഷിയായ ശ്രീ. എസ്.എൽ. ഷൈജു ഉൾപ്പെടെ ഹർജിക്കാരിൽ ചിലരും ഇവർക്കൊപ്പം നിയമനം ലഭിച്ച ധാരാളം അദ്ധ്യാപകരും ഡയറ്റിലെ അന്യത്ര സേവനം റദ്ദ് ചെയ്ത് മാതൃലാവണത്തിലേക്ക് മടങ്ങിയിട്ടുള്ളതാണ്. മേൽ പറഞ്ഞതിൽ നിന്നും ഹർജിക്കാരുടെ ഡയറ്റ് ലക്ചറർ തസ്തികയിലെ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമനം തീർത്തും താൽകാലികവും, ടിയാളകളുടെ നിയമന പ്രക്രിയ ഹർജിക്കാർ ആവശ്യപ്പെടുന്നത് പോലെ ഡയറ്റ് ലക്ചറർ തസ്തികപോലുള്ള ഒരു ഗസറ്റഡ് തസ്തികയിലേക്ക് ആഗിരണം ചെയ്യുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തികരിച്ചിട്ടില്ലാത്തതുമാണ്. അപേക്ഷകരെല്ലാവരും തന്നെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖാന്തരം നിയമനം ലഭിച്ച് സർക്കാർ സ്കൂളുകളിൽ അധ്യാപകരായി ജോലി ചെയ്തുവരുന്നവരാണ്. ഉന്നതവിദ്യാഭ്യാസം നേടിയ നിരവധി ഉദ്യോഗാർത്ഥികൾ PSC നിയമനത്തിനായി കാത്തിരിക്കുന്ന ഈ അവസരത്തിൽ ഹർജിക്കാർ ആവശ്യപ്പെടുന്ന പോലെ 89 ലക്ചറർ തസ്തികകളിൽ ഹർജിക്കാരെ ആഗിരണം ചെയ്ത് സ്ഥിരപ്പെടുത്തുന്നത് കേരള പി.എസ്.സി. വഴി ജോലിയ്ക്ക് ശ്രമിക്കുന്ന ഉദ്യോഗാർഥികളോടുള്ള അനീതിയാണ്. നിലവിൽ ഡയറ്റിൽ 284 ലക്ചറർ തസ്തികകൾ ഉള്ളതിൽ റഗുലറായി ജോലി ചെയ്യുന്നവർ 3 പേർ മാത്രമാണ്. ബാക്കിയുള്ള 281 തസ്തികകളിൽ 150 ഒഴിവുകൾ മാത്രമേ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ആയതിൽ 75 എണ്ണം തസ്തിക മാറ്റം വഴി ഉള്ളതാണ്. മേൽ സാഹചര്യത്തിൽ മതിയായ യോഗ്യതകൾ ഉള്ള പക്ഷം ഹർജിക്കാർക്ക് കേരള പി.എസ്.സി. നടത്തുന്ന പരീക്ഷയിൽ പങ്കെടുത്ത് ഡയറ്റിൽ ലക്ചറർ ജോലിയ്ക്ക് ശ്രമിക്കാവുന്നതാണ്. ഉന്നത വിദ്യാഭ്യാസം നേടിയ ലക്ഷക്കണക്കിന് തൊഴിൽ രഹിതർ സർക്കാർ ജോലിക്കായി കാത്തിരിക്കുമ്പോൾ അവരെ അവഗണിച്ചുകൊണ്ട് ഒരിക്കൽ പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ച അപേക്ഷകരെ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് ഉയർന്ന തസ്തികകളിലേയ്ക്ക് നിയമിക്കണമെന്ന വാദം അംഗീകരിക്കത്തക്കതല്ല.

അന്യത്ര സേവന വ്യവസ്ഥയിൽ ഡയറ്റിൽ നിയമിക്കപ്പെട്ട ഹർജിക്കാരെ ലക്ചറർ

തസ്തികയിലേക്ക് ആഗിരണം ചെയ്യപ്പെടുന്ന സാഹചര്യം സംജാതമായാൽ OA No. 702/2021 ഹർജിയിൽ കക്ഷി അല്ലാത്ത ഡയറ്റിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട 143 അദ്ധ്യാപകരിൽ ഉൾപ്പെട്ട മറ്റുള്ളവരും മറ്റു വകുപ്പിൽ ഇത്തരത്തിൽ നിയമനം ലഭിച്ചവരും ഹർജികളുമായി സർക്കാരിനെ സമീപിക്കാനിടയുണ്ട്. സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിന് ഇത് വഴി തെളിക്കും. ഇതൊരു ശരിയായ പ്രവണത ആയി കാണാനാവില്ല. തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കാനേ ഇത് വഴി തെളിക്കൂ.

8) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിൽ (ഡയറ്റ്) ലക്ച്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട സ്കൂൾ അധ്യാപകർക്ക് ഡയറ്റിൽ ലക്ച്ചറർ തസ്തികയിലേക്ക് സ്ഥിരമായി ആഗിരണം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത കേസുകളിലെ അപേക്ഷകളും ഇതേ ആവശ്യം ഉന്നയിച്ച് സർക്കാർ മുൻപാകെ സമർപ്പിച്ച മറ്റ് അപേക്ഷകളും നിരസിച്ചും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീ. ഷൈജു എസ്. എൽ. ഉം മറ്റ് 8 9 പേരും ചേർന്ന് ഫയൽ ചെയ്ത OA 702/2021 നമ്പർ ഹർജിയിന്മേലുള്ള 18.08.2023 ലെ ഉത്തരവ്, സമാന വിഷയം സംബന്ധിച്ച് ഡോ. മനോജ് കുമാർ ടി. ഫയൽ ചെയ്ത OA(EKM) 1728/2022 നമ്പർ കേസിന്മേലുള്ള 23.11.2022 ലെ ഇടക്കാല ഉത്തരവ്, ഡോ. മനോജ് കുമാർ ടി. ഫയൽ ചെയ്ത MA(EKM) 1454/2023 in OA(EKM) 1728/2022 നമ്പർ കേസിന്മേലുള്ള 24.08.2023 ലെ ഇടക്കാല ഉത്തരവ്, ശ്രീമതി. മിലീന ജെയിംസ് ഫയൽ ചെയ്ത OA 2039/2023 നമ്പർ കേസിന്മേലുള്ള 17.11.2023 ലെ ഉത്തരവ്, ശ്രീമതി. കവിത പി.എസ്. - ഉം മറ്റുള്ളവരും ഫയൽ ചെയ്ത OA (EKM) 1889/2023 നമ്പർ കേസിന്മേലുള്ള 22.11.2023 ലെ ഇടക്കാല ഉത്തരവ്, ശ്രീമതി. ശ്രീലത വി.കെ. യും മറ്റുള്ളവരും ഫയൽ ചെയ്ത OA 2053/2023 നമ്പർ കേസിന്മേലുള്ള 23.11.2023 ലെ ഇടക്കാല ഉത്തരവ്, ശ്രീ. അജി ഡി.പി. ഫയൽ ചെയ്ത OA 2105/2023 നമ്പർ കേസിന്മേലുള്ള 28.11.2023 ലെ ഉത്തരവ്, ഡോ. മനോജ് കുമാർ ടി. ഫയൽ ചെയ്ത OA 1951/2023 നമ്പർ കേസിന്മേലുള്ള 12.12.2023 ലെ ഇടക്കാല ഉത്തരവ്, ഡോ. ജെയ്സൺ കെ.മാത്യു, ശ്രീമതി. മിലീന ജെയിംസ് എന്നിവർ ഫയൽ ചെയ്ത OA 2058/2023 നമ്പർ കേസിന്മേലുള്ള 12.12.2023 ലെ ഇടക്കാല ഉത്തരവ് , ഡോ. ജെയ്സൺ കെ.മാത്യു, ഫയൽ ചെയ്ത OA 1885/2023 നമ്പർ കേസിന്മേലുള്ള 25.10.2023 ലെ ഉത്തരവ്, അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട അപേക്ഷകർക്ക് ലക്ച്ചറർ തസ്തികയിലേക്ക് സ്ഥിരനിയമനം നൽകരുതെന്നും മുഴുവൻ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. വിദ്യ വി. യും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP (KAT) 474/2023 നമ്പർ കേസിന്മേലുള്ള 19.10.2023 ലെ പരാമർശം (20) ലെ ഇടക്കാല ഉത്തരവ്, എന്നിവ തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUDHILA L

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ - കേരളം, O/o അഡ്വക്കേറ്റ് ജനറൽ (തിരുവനന്തപുരം/എറണാകുളം ), [ആമുഖ കത്ത് സഹിതം]

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും

ഹർജികളിലെ ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) /എ & ഇ , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu S
Date: 05-01-2024 11:53:07

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

10/3/24

Sd/-

സെക്ഷൻ ഓഫീസർ